മോട്ടോർ വാഹനാപകടങ്ങളുടെ കാരണങ്ങളും പരിഹാര നിർദ്ദേശങ്ങളും

117 (2217) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരളത്തിൽ റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് കുറച്ചു കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മോട്ടോർ വാഹനാപകടങ്ങളുടെ പ്രധാനപ്പെട്ട കാരണങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ സമർപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2005-ന് ശേഷം സംസ്ഥാനത്ത് വാഹനാപകടങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. 2006 മുതൽ 2009 വരെയുള്ള വാഹനാപകടങ്ങളുടെ കണക്കുകൾ (സ്റ്റേറ്റ് ക്രൈം ബ്യൂറോയുടെ പക്കലുള്ളത്) ചുവടെ ചേർക്കുന്നു:

വർഷം	വാഹനാപകടങ്ങൾ
2006	41647
2007	39917
2008	37263
2009	35433
2010	29103

ഒക്ടോബർ വരെ

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രാത്രികാലങ്ങളിലും വാഹന പരിശോധന നടത്താറുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഇന്റർസപ്റ്റർ വാഹനം ഓഫീസുകളിലുള്ള ഫ്ളൈയിംഗ് സ്ക്വാഡുകൾ ചെക്കിംഗുകൾ നടത്തിവരുന്നു. 2008-ൽ പ്രവർത്തനം ആരംഭിച്ച കേരള റോഡുസുരക്ഷാ അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ മൂലം വാഹനാപകടങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡുസുരക്ഷാ അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. അപകട സാധ്യതാ മേഖലയും അതീവ അപകട സാധ്യതാ മേഖലയും :

റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാധ്യതാ മേഖലകളും 217 അതീവ അപകട സാധ്യതാ മേഖലകളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊച്ചി നാഷണൽ ഹൈവേയിലെ വൈറ്റില മുതൽ മണ്ണുത്തി വരെയുള്ള ദേശീയപാതയിൽ അപകടം കുറയ്ക്കുന്നതിനായി 50 ലെയിൻ ഡിസിപ്ലിൻ പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുവാനും തീരുമാനിച്ചു. തിരുവനന്തപുരം ജില്ലയിൽ പി.എം.ജി., വഴുതക്കാട് എന്നീ ജംഗ്ഷനുകളിൽ ക്യാമറ സ്ഥാപിക്കാൻ 5.62 ലക്ഷം രൂപയും പ്രസ്തുത സ്ഥലങ്ങളിലെ സിഗ്നൽ ലൈറ്റുകൾ ശരിയാക്കുവാൻ 30 ലക്ഷം രൂപയും കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.

2. മാതൃകാ റോഡ് പദ്ധതി :

സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സൈൻ ബോർഡുകളും അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ച് വരുന്നു. ഇക്കാര്യം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്.

3. റോഡ് സുരക്ഷാ ബോധവൽക്കരണം :

റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ടെലിവിഷൻ മാധ്യമങ്ങൾ വഴി ഫില്ലറുകൾ സംപ്രേഷണം ചെയ്തും, റേഡിയോ അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. റോഡു സുരക്ഷാ ക്ലബ് :

റോഡു സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡു സുരക്ഷാ പ്രവൃത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂളുകളിലും, കോളേജുകളിലും റോഡു സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. റോഡു സുരക്ഷാ പ്രോജക്ടും ഗവേഷണവും :

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ-തിരുവല്ല, അർത്തുങ്കൽ-ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു.

6. ട്രോമാകെയർ :

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡു സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ചു വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേക്കായി കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാ കെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് കേരള റോഡു സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.

7. പരസ്യ ബോർഡുകൾ :

അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.

8. അപകടാനന്തര അന്വേഷണം :

അപകടം സംഭവിക്കുമ്പോൾ മുന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകടകാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി. യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സേഫ്റ്റി അതോറിറ്റി നിയോഗിച്ചിട്ടുണ്ട്.

(ബി) കേരള റോഡു സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നത് തന്നെ വാഹന അപകടങ്ങളുടെ കാരണങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായാണ്. അപകട സാധ്യത ഏറെയുള്ള ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അപായ മുന്നറിയിപ്പുകൾ നൽകുന്നതിനും പ്രസ്തുത ബ്ലാക്ക് സ്പോട്ടുകളിൽ സ്പീഡ് നിയന്ത്രിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ ചെയ്തുവരുന്നുമുണ്ട്. 10-1-2010-ൽ കൂടിയ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനപ്രകാരം മുന്നോ അതിൽ കൂടുതലോ പേർ മരിക്കാൻ ഇടയാകുന്ന അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി. യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമിച്ചിട്ടുണ്ട്. കൂടാതെ അതീവ ഗുരുതരമായ അപകടങ്ങൾക്കുള്ള കാരണങ്ങൾ കണ്ടുപിടിക്കുന്നതിന് അന്വേഷണ കമ്മീഷനുകളെയും അന്വേഷണ ഉദ്യോഗസ്ഥരെയും സർക്കാർ നിയമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly